2. കുളങ്ങൾ അഥവാ ടാങ്കുകൾ മത്സ്യകൃഷിക്ക് അനുയോജ്യമാക്കുന്നതിന് ഒരു ഹെക്ടറിന് പരമാവധി 12,000 രൂപ വരെയും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് ഹെക്ടറിന് പരമാവധി 15,000 രൂപയും നൽകുന്നു.

3. മത്സ്യവിത്ത്, മത്സ്യാഹാരം, വളങ്ങൾ എന്നിവ വാങ്ങുന്നതിന് പരമാവധി 6000 രൂപ നൽകുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് 15,000 രൂപയും നൽകുന്നു.

4. റണ്ണിംഗ് വാട്ടർ ഫിഷ് കൾച്ചറിനായി 4000 രൂപവരെയും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് 5,000 രൂപ വരെയും നൽകുന്നു.

5. എയ്റേറ്റുകൾ വാങ്ങുന്നതിനുള്ള ധനസഹായം 12,500 രൂപ വരെ നൽകുന്നു.

6. സംയോജിത മത്സ്യകർഷകർക്കുള്ള ധനസഹായം ഹെക്ടറിന് പരമാവധി 18,000 രൂപവരെയും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് 20,000 രൂപ വരെയും നൽകുന്നു.

7. ആറ്റുകൊഞ്ച്, ഫിൻ ഫിഷ് എന്നിവയുടെ ഹാച്ചറികൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായം 80,000 രൂപവരെ നൽകുന്നു.

8. ഫിഷ്മീൽ സ്ഥാപിക്കുന്നതിന് 5 ലക്ഷം രൂപവരെ ധനസഹായം നൽകുന്നു.

9. അലങ്കാര മത്സ്യകൃഷി നടത്തുന്നതിന് ഹാച്ചറി ഉൾപ്പെടെ 1,50,000 രൂപവരെ നൽകുന്നു.

(ബി) മത്സ്യകുളങ്ങൾ നിർമ്മിക്കുന്നതിന് ഒരു ഹെക്ടറിന് പരമാവധി 40,000 രൂപവരെ സബ്സിഡി നൽകുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് 50,000 രൂപ, മലമ്പ്രദേശങ്ങളിൽ ഇത് യഥാക്രമം 37,500 രൂപ, 46,875 രൂപ എന്നിങ്ങനെ നൽകുന്നു. കുളങ്ങൾ അഥവാ ടാങ്കുകൾ മത്സ്യക്കൃഷിക്ക് അനുയോജ്യമാക്കുന്നതിന് ഒരു ഹെക്ടറിന് പരമാവധി രൂപ 12,000 വരെ നൽകുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് 15,000 രൂപ.

## ഡാം സേഫ്ടി ഓർഗനൈസേഷൻ

17 [*570] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡാം സേഫ്ടി ഓർഗനൈസേഷൻ രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ പ്രവർത്തനം പൂർണ്ണ തോതിൽ നടപ്പിൽ വന്നിട്ടുണ്ടോ;

(സി) പ്രസ്തുത ഓർഗനൈസേഷന്റെ പ്രധാനപ്പെട്ട ചുമതലകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഉണ്ട്. 30-10-2000-ത്തിലെ സർക്കാർ ഉത്തരവ് (എം എസ്.)75/2000/ഐ. ആർ.ഡി. പ്രകാരം ഡാം സേഫ്ടി ഓർഗനൈസേഷൻ രൂപവൽക്കരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഡാം സേഫ്ടി ഓർഗനൈസേഷന്റെ പ്രധാനപ്പെട്ട ചുമതലകൾ താഴെപ്പറയുന്നവയാണ്:

LIBRARY ARCHIVES Kerala Legislative Assembly

1. കാലവർഷത്തിനുമുമ്പും ശേഷവും ഡാമുകളുടെ പരിശോധന നടത്തുക.

2. ഡാമുകളുടെ അറ്റകുറ്റ പ്രവർത്തനങ്ങൾ നിരീക്ഷിക്കുക.

3. ഡാമുകളുടെ സുരക്ഷിതത്വത്തിന് ഫീൽഡ് എഞ്ചിനീയർമാർ കൈക്കൊള്ളുന്ന നടപടികൾ നിരീക്ഷിച്ച് വിലയിരുത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുക.

4. പുനരധിവാസത്തിനായി അറ്റകുറ്റപ്പണികൾ ആവശ്യമുള്ള ഡാമുകളെ മുൻഗണനാടിസ്ഥാനത്തിൽ തരംതിരിച്ച്, ആവശ്യമായ പണികൾ നടത്തുക.

5. ഡാമുകളുടെ പൂർത്തീകരണ റിപ്പോർട്ട് തയ്യാറാക്കുക.

6. ഡാം സുരക്ഷാ സമിതിക്ക് ആവശ്യമായ സഹായം ചെയ്യുക.

7. ദേശീയ ജലകമ്മീഷനിലെ അണക്കെട്ട് സുരക്ഷാ ഓർഗനൈസേഷനുമായി ബന്ധപ്പെട്ട് വേണ്ട നടപടികൾ കൈക്കൊള്ളുക.

8. ഡാമുകളുടെ സുരക്ഷ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക.

## പ്രത്യേക ടൂറിസം മേഖല ഉണ്ടാക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

18 [*571] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രത്യേക ടൂറിസം മേഖല ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ മേഖലയുടെ മേൽനോട്ടം ആരെ ഏല്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഇതിനായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഉണ്ട്.

(ബി) ആസൂത്രിതമായ ടൂറിസം വികസനമാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം.

(സി) സർക്കാർ നിശ്ചയിക്കുന്ന കമ്മിറ്റിയെ.

(ഡി) ഉണ്ട്.

(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധി കമ്മിറ്റികളിൽ അംഗമായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly